MES HSS MAMPAD

# അക്ഷരക്കാലം

DIGITAL MAGAZINE

little KITEs



# മമ്പാടിന്റ് വിദ്യാകുടീരം.....

# *MES HSS MAMPAD*

# ആമുഖം

മമ്പാട് എം.ഇ.എസ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ് ടീം അംഗങ്ങൾ തയ്യാറാക്കിയ സ്കൂൾ ഡിജിറ്റൽ മാഗസിൻ '**അക്ഷരക്കാലം**' നിങ്ങൾക്ക് മുന്നിൽ അഭിമാനത്തോടെ അവതരിപ്പിക്കുകയാണ്. ഡിജിറ്റൽ യുഗത്തിൽ വിദ്യാർത്ഥികളുടെ സാഹിത്യ രചനകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്ത് അവതരിപ്പിക്കാനുള്ള ഈ എളിയ പരിശ്രമത്തിൽ ഞങ്ങളെ സഹായിച്ച ഏവർക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തികൊണ്ട് '**അക്ഷരകാലം**' സമാഗതമാവുകയാണ്. stay turn on..!

എന്ന്

ലിറ്റിൽ കൈറ്റ്അംഗങ്ങൾ

# MESSAGE

2019-2020 അധ്യയന വർഷത്തിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കിയ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

Head mistress MES HSS Mampad
SABIRA ALUNGATH

# താളുകളിലൂടെ....


1) ഡോ.പി.കെ അബ്ദുൽ ഗഫൂർ
2) ഓർമ്മച്ചിറകുകൾ
3) പരിമിതം
4) കൊറോണ വൈറസ്
5) ഫുട്ബോൾ ഫോർ ഫ്രണ്ട്ഷിപ്പ്
6) യാത്രാവിവരണം
7) OH !EXAMINATION
8) MOTHER NATURE
9) LITTLE HOPE
10) അക്കിത്തം
11) പഞ്ചാബി ഹൗസ്
12) പുതുവർഷം
13) പൗരത്വബിൽ
14) പ്രകാശം പരത്തുന്നവൻ
15) മരണം
16) ജവഹർലാൽനെഹ്റു
17) ഭരണഘടന
18) കൃഷിചൊല്ല്
19) അച്ഛനെന്ന സത്യം

20)ടീം സ്മാർട്ട്

21)THAT RAINY NIGHT

22)വൃദ്ധസദനം

23)ഭീതിയിലാഴ്ത്തിയ പ്രളയം

24)നാടിന്റെ വിധവ

25)പാഠം ഒന്ന് പാടത്തേക്ക്

26)റുബിക്സ്

27)ധരണി

28)പഴഞ്ചൊല്ലുകൾ

29)വിലപിക്കുന്ന മലയാളം


30)precious mother

31)travelogue

32)cartoon

33)hand

**ഡോ. പി കെ . അബ്ദുൽ ഗഫൂറണ് എം ഇ എസ് സ്ഥാപിച്ചത്**
**മതേതര വിദ്യാഭ്യാസം നൽകാൻ ഏറ്റവും ഉത്തമമായ മാതൃകാ വിദ്യാലയമാണ്**
**എം ഇ എസ്**
**1929 ഡിസംബർ 25 ന്**
**പടിയത്ത് മണപ്പാട്ട് കൊച്ചു**
**മൊയ്തീൻ ഹാജിയുടെയും**
**കറുകപ്പാടത്ത് കുഞ്ഞാച്ചുമ്മയുടേയും**
**മകനായി ജനനം.**
**1984 മെയ് 23 ന് 54-ാം**
**വയസ്സിൽ ഡോ. പി കെ . അബ്ദുൽ ഗഫൂർ മരണമടഞ്ഞു.**



Dr. P. K Abdul Ghafoor F.R.C.P
Founder President Kerala M.E.S.

# ഓർമ്മചിറകുകൾ

സ്കൂളിൽ പഠിത്തം തുടർന്ന്കൊണ്ടിരിക്കുമ്പോൾ ഞങ്ങൾക്ക് കിട്ടിയ ഒരു രസകരമായ അവസരമായിരുന്നു ആ യാത്ര 8-ാം ക്ലാസിൽ വയസ്സനുസരിച്ച് പതിനഞ്ച് പേരെ ഇന്റെർവ്യുവിലൂടെ തിര ഞ്ഞെടുത്തവരിൽ ഓരോരുത്തരായിരുന്നു ഞങ്ങൾ അങ്ങനെ നവംബർ രണ്ടിന് നിലമ്പൂർ റെയിൽവേസ്റ്റേഷനിൽ നിന്ന് യാത്ര ആരംഭം കുറിച്ചു. മൂന്നു ദിവസം നീണ്ടുനിന്ന രസകരമായ തീവണ്ടി യാത്രയിലൂടെ ഞങ്ങൾ മധ്യപ്രദേശിലെ വിദിഷയിൽ വെളുപ്പിന് എത്തിച്ചേർന്നു. അവിടെ ഞങ്ങളെ ആദരപൂർവം സ്വീകരിക്കുവാനായി വോളണ്ടിയറായി നരേദ്ര ഭയ്യാ വന്നിരുന്നു തികച്ചും സൗകര്യമുള്ള ഹോസ്റ്റൽ അവർ ഞങ്ങൾക്ക് നേരത്തെ തയ്യാറാക്കിയിരുന്നു. അവിടെ നിന്ന് ക്യാമ്പിലേക്ക്
പെയറിങ്ങിന് പുറപ്പെട്ടു. വൈകുന്നേരമായപ്പോൾ തന്നെ പെയറിങ് നടന്നു തികച്ചും ഒറ്റപ്പെട്ട ഒരു അനുഭവമായിരുന്നു ആദ്യഘട്ടത്തിൽ. പിന്നീട് ഓരോരുത്തരെയും അവരുടെ പാർട്നെറുടെ കൂടെ അവരുടെവീട്ടിലേക്ക് പറഞ്ഞുവിട്ടു. ഓരോരുത്തരും അവരുടേതായ പെയറിന്റെ പോകുമ്പോൾ മനസ്സിനുള്ളിലെ അളവ് വർധിച്ചു. ആരംഭത്തിൽ ഓരോരുത്തർക്കും കിട്ടിയ സൗകര്യത്തെ കുറിച്ചു അവർ തൃപ്തിയായിരുന്നില്ല ചിലർക്ക് സൗകര്യങ്ങൾ കൂടുതലും ചിലർക്ക് മിതമായ തരത്തിലുള്ള അസ്സ്വസ്ഥതകൾ ഉണ്ടായിരുന്നു. പിന്നീട് അതിനെയെല്ലാം അതിജീവിച്ചു. സന്തോഷവാന്മാരായി. പിന്നീട് ക്യാമ്പിലെ കളികളും മറ്റും ഗംഭീരമായിരുന്നു. ഞങ്ങളുടെ മുദ്രാവാക്യങ്ങൾ റാലിയിൽ വിളിച്ചുപറഞ്ഞിരുന്നു. അതെല്ലാം ഞങ്ങൾ

ഗംഭീരമാക്കി അവതരിപ്പിച്ചു. ഏഴു ദിവസത്തെ ഉത്സാഹകരമായ ക്യാമ്പിനു ശേഷം ഞങ്ങൾ ഡൽഹിയിലേക്കുള്ള യാത്രയുടെ ഒരുക്കങ്ങൾ ആരംഭിച്ചു. വിദിശയിലുള്ള  വോളന്റിയേഴ്സ് ഞങ്ങളെ യാത്രയാക്കാൻ വന്നു. ഒന്നര ദിവസം നീണ്ടുനിന്ന യാത്രയിലൂടെ ഞങ്ങൾ ഡൽഹിയിലെ ആഗ്രയിലെത്തി. അവിടെ ഞങ്ങൾ ചരിത്രപരമായ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ താജ് മഹൽ കണ്ടു. കൂടാതെ ചരിത്ര പ്രസിദ്ധമായ കെട്ടിടങ്ങളും നിർമാണങ്ങളും കണ്ടു. പിന്നെ ഞങ്ങൾ കേരളത്തിലേക്ക് .................

**ഇതിലൂടെ ഞങ്ങൾക്ക് നല്ല പുതിയ അനുഭവങ്ങളും ബന്ധങ്ങളും സ്ഥാപിക്കാൻ കഴിഞ്ഞു .......!**

# പരിമിതം

അതിരുകളില്ലാത്ത ലോകം
മതിലുകളില്ലാത്ത ലോകം
മനസ്സിൻ മതിലുകളകറ്റാൻ
വെണ്മതൻ തന്ത്രികൾ മീട്ടാം
വർഗ്ഗീയ വിഷം വിതയ്ക്കല്ലെ മണ്ണിൽ
നന്മതൻ വിത്തുകൾ തളിരണിയട്ടെ
വിടരും പൂവിൻ ഇതളെടുക്കല്ലെ
നെഞ്ചകം നീറും അമ്മതൻ വീർപ്പിൽ
സ്നേഹത്തിന് നിളയൊഴുകട്ടെ മർത്ത്യന്നു
കാലം പരിമിതമാണുമണ്ണിൽ

# Corona virus

Corona viruses are a group of viruses that cause disease in mammals and birds. In human, the virus cause respiratory infections which are typically mild including the common cold but rarer forms like SARS and MERS can be lethal. There are no vaccines or antiviral drugs that are approved for prevention or treatment.




Corona viruses were discovered in the 1960's the earliest ones discovered were infectious bronchitis virus in chicken and two viruses from the nasal cavities of human patients with the common cold that were subsequently named human corona virus 229E and human corona virus OC43. Other members of this family have since been identify, Including SARS-CoV in 2003, HcoV NL63 in 2004, HKUI in 2005, MERS-CoV in 2012, and
2019-n CoV in 2019; most have been involved in serious respiratory track infection.

The 2019 novel corona virus (2019-nCoV) is a corona virus identified in 2019 as the cause of an outbreak of respiratory illness first detected in Wuhan, China. However, the Wuhan seafood market may not be source of the novel virus now spreading globally.

On January 28th, 2020 in the morning, health authorities Germany stated a bavarian man contracted the virus from an asymptomatic woman visiting from china




Kerala was also effected by corona virus. Kerala's first corona virus case confirmed in student who returned from Wuhan. Today all most 90 person's are under observation in Kerala.

# FOOTBALL 4 FRIENDSHIP

കാൽപന്തുകളി ബ്രാന്താക്കി മാറ്റിയ മമ്പാട് MES-ലെ വിദ്യാർത്ഥികൾക്കായി JRC സംഘടിപ്പിച്ച ഫുട്ബോൾ ടൂർണ്ണമെന്റായിരുന്നു 'football for friendship’. മലപ്പുറത്തെ പോലെ തന്നെ സ്പെയിനിലുമുണ്ട് കളിഭ്രാന്തന്മാർ എന്ന് തെളിയിക്കാൻ വേണ്ടി ‘football for friendship’ ന്റെ അതിഥികളായി വന്നിരുന്നത് പ്രണയിനികളായിരുന്ന റോബോർട്ടോയും സോണിയയുമായിരുന്നു.കൂടെ ലോകമെമ്പാടും പ്രശസ്തമായ കാൽപ്പന്തിനു വേണ്ടി താൻ രസിച്ച് കഴിച്ചിരുന്ന മിഠായി പോലും മാറ്റി വെച്ച് അതിന്റെ പണം കൊണ്ട് പന്ത് വാങ്ങുവാൻ തയ്യാറാവുകയും ചെയ്ത താരകുരുന്നുകളും അന്ന്




ഞങ്ങളോടോപ്പം mes-ന്റെ മൈതാനത്ത് ഒരുമിച്ച് കൂടി.ഫുട്ബോളിന്റെ ആരവം കേറിയ ഞങ്ങൾക്ക് വളരെയധികം സന്തോഷമായിരുന്നു പ്രളയം കഴിഞ്ഞ കേരളത്തെ കണ്ട അവർ അത്ഭുതപ്പെട്ടിരുന്നു. പ്രളയത്തിൽ വീട് നഷ്ടപെട്ടവർക്കായി JRC ഒരുക്കിയ സേവന പദ്ധതിയായിരുന്നു ' വീട് നിർമാണം '.അതിലേക്ക് അവർ ഒരു നല്ല തുക തന്നെ സംഭാവന ചെയ്തു . വിജയികൾക്കുള്ള സമ്മാനദാനത്തിനു ശേഷം mes-ന്റെ മൈതാനത്ത് ഞങ്ങൾ അവർക്കൊപ്പം ഒരുമിച്ച് കൂടി.സ്പെയ്നിന്റെയും കേരളത്തിന്റെയും വിശേഷങ്ങൾ പറഞ്ഞ് ഞങ്ങൾ അവർക്കൊപ്പം കുറച്ച് സമയം കഴിച്ചുക്കൂട്ടി.കാളപ്പോരിന്റെ നാടിന്റെ വിസ്മയകരമായ വിശേഷങ്ങൾ ഞങ്ങളുമായി പങ്ക് വെച്ചതിന് ശേഷം നന്ദി പറഞ്ഞു കൊണ്ട് ഞങ്ങൾ അവരെ യാത്രയാക്കി.

യാത്ര വിവരണം

# വാക്കുകളിലൂടെ ഒരു ജലപാത്രം

യാത്രകൾ എന്നും ഏറെ അഴക് നൽകുന്നതാണ് .യാത്രകളിൽ നാം ധാരാളം കാഴ്ചകൾ കാണും . അതിനാലാണ് നാം വിനോദ യാത്രകളും സഞ്ചാരങ്ങളും ഭൂരിഭാഗവും തിരഞ്ഞെടുക്കുന്നത് . എനിക്ക് ഏത് യാത്രപോയാലും വെള്ളച്ചാട്ടം എന്ന പ്രതിഭാസമാണ് ഏറ്റവും ഇഷ്ടം . ആതിരാപ്പള്ളി ,മീമ്പെല്ലാം ആട്ടിയൻപാറ എന്നീ മൂന്നവെള്ളച്ചാട്ടങ്ങളും ഞാൻ സന്ദർശിച്ചിട്ടുണ്ട് പാലക്കാടുള്ള മീമ്പെല്ലാം വെള്ളച്ചാട്ടമാണ് എന്റെ മനസ്സിൽ ഞാൻ ഇന്നും ഓർത്തുവെക്കുന്നത് . അതിന്റെ കാരണം അത്രത്തോളം മനോഹരമായിരുന്നു ആ കാഴ്ച . പാലക്കാട് ജില്ലയിലെ മിംബല്ലം എന്ന കൊച്ചു വെള്ളച്ചാട്ടം അതിമനോഹരമാണ് . വെള്ളത്തിന്റെ ഘോരമായ ശബ്ദവും വെള്ളച്ചുമരിനെ പോലെ എനിക്ക് അനുഭവപ്പെട്ടിരുന്നു .ശാന്തമായി ഒഴുകുന്ന നദി .ഇടിമുഴക്കത്തിന്റെ ശബ്ദത്തെപ്പോലെ അലറി എന്ന് എനിക്ക് തോന്നി . തണുത്ത വെള്ളം എന്റെ കൈകളെ മൃദുല്ല്യമാക്കി .ഭൂമിയിലെ ഈ വേറിട്ട പ്രതിഭാസം ചിലപ്പോൾ അപകടകാരിയുമാണെന്ന് എനിക്ക് എന്റെ അനുഭവത്തിലൂടെ മനസ്സിലായി .കാരണം ,ഞങ്ങൾ മിംബല്ലത്തിൽ കളിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടന്ന് തന്നെ മലയിൽ മഴപെയ്ത് മല വെള്ളം കുടി പുഴയുടെ ആഴവും ഒഴുക്കും കുടി . അതിനാൽ വെള്ളച്ചാട്ടത്തിന്റെ ഒഴുക്കും കൂടിയതോടെ ഞങ്ങൾ ഒറ്റപ്പെടുകയും വെപ്രാളപ്പെടുകയും ചെയ്തു .ഭാഗ്യമെന്നു കരുതട്ടെ പെട്ടന്ന് തന്നെ ഒഴുക്ക് നിന്ന് . ഞങ്ങള്ക് അവിടെ നിന്ന് പോകാൻ കഴിയുകയും ചെയ്തു .വെള്ളച്ചാട്ടം എന്ന പ്രതിഭാസത്തെ കുറിച്ച് പറയാൻ എനിക്ക് വാക്കുകളില്ല കാരണം ,അതിന്റെ ഭാഷ എനിക്ക് ഗ്രഹിക്കാൻ കഴിഞ്ഞില്ല .അത്രത്തോളം വിശാലമായിരുന്നു .ആ പ്രതിഭാസം ഒരു പാട് നല്ല ഓർമകളും പാഠങ്ങളും എനിക്ക് പഠിപ്പിച്ചു തന്ന ആ യാത്ര ഞാൻ



# OH!EXAMINATION

Oh! It’s examination.
Biology with its classification.
English with its dictation.
Physics with its refraction.
Chemistry with its decomposition.
Social with its revolution.
Hindi with its punctuation.
I.T with its competitions.
No time for satisfaction.
Its time for examination.

# “LET'S PROTECT OUR MOTHER NATURE”

We know we aren't the owners of the nature including the air, water, land etc. But yet we just buy all theland, water and even may be in the future generations even people may buy air also,who knows that. We know all this things like not getting clear water, air who is the reason that is ourselves we human being just go on do things which are in benefit for us but yet never or ever even think what is going to happen next which may destroy our selves. Really for development we are struggling a lot and because of this the industrialization is growing, the population is on growing even more faster daily. Although we are trying to ensure everything is good but nope not at all anything is good we are destroying the whole natural environment on the name sake of development. The development is does means that we need to be good in the technical ways but yet even other aspect even come under the count of this. Well now a days there are even some people who bother about the nature and because of them at least we are getting some pure, nope not perfect pure but yet we are getting something. But in our future generations the people will face was only for that of the water and even land etc. It is said that until 2055 the world population will grow more 75%than that we have now, just even thinking of the natural sources is impossible but they will face all such problem. We need to protect our mother earth or else one day there will be nothing expect the destroyed earth were none can live. the development phase is letting out mother nature to be destroyed. The development will increase the population will increase the global warming and this lead to destruction of the mother nature. We know that we the humans are the part of the nature but we are behaving as the nature is our part but yet it is really wrong. Therefore wee need to protect our mother nature.

# SOCIAL SERVICE PROVIDED BY LITTLE HOPE
# (ACADEMIC YEAR 2019-2020)

**In M.E.S H.S.S MAMPAD campus a new troop formed for the well being of better future . We all united to serve ,to help,to promote our society. We published notebooks at a low cost in the beginning of this academic year.The money we got from this as a profit was donated to F.M radio club F.M 104.8 and helped some students financially . As we all know we were struck by a great flood during this academic year, collected some donations from all the students and helped our near by refugees as possible.**

**" PADAM ONNU PADATHEKKU"**

**was our next activity combined with J.R.C we visited our near by paddy field and planted seedlings. It was a time for us to know about nature. We knew it,and conducted a rally against the use of plastic on the morning of new year. interaction section with some foreigners we also conducted on the arts day we reopened our canteen .we visited NIT, IIT water authority, planetarium and we conducted a carrier class from Arshad sir, we all are thankful to our blessed H.M Sabira teacher and our lovely Shaheer sir and we thank to Yasir sir also.**

**BY:**

**LITTLE HOPE MEMBERS**

# അക്കിത്തം അച്യുതൻ നമ്പൂതിരി



ജനനം : 1926 മാർച്ച് 18

ജനന സ്ഥലം : പാലക്കാട് ജില്ലയിലെ കുമരനല്ലൂര്

മാതാപിതാക്കൾ : അമേറ്റൂർ അക്കിത്തത് മനയിൽ
വാസുദേവൻ നമ്പൂതിരി,ചേകൂർ
മനയ്ക്കൽ പാർവ്വതി അന്തർജ്ജനം.

സഹോദരൻ : അക്കിത്തം നാരായണൻ (ചിത്രകാരൻ)

മകൻ : അക്കിത്തം വാസുദേവൻ (ചിത്രകാരൻ)

ബാല്യപഠനം :സംസ്കൃതം , സംഗീതം , ജ്യോതിഷം

പ്രവർത്തനം:മംഗളോദയം യോഗക്ഷേമം എന്നിവയും
സഹപത്രാധിപൻ

പ്രമുഖം:കവിത ചെറുകഥ നാടകം വിവർത്തനം ഉപന്യാസം.

സാഹിത്യ ക്രതികൾ:ഇരിപതാം നൂറ്റാണ്ടിന്റെ ഇതിഹാസം,
വെണ്ണക്കലിന്റെ കഥ,ബലിദർശനം, പണ്ടത്തെ മേൽശാന്തി
(കവിത),മാനസാക്ഷിയുടെ പൂക്കൾ,നിമിശ നക്ഷത്രം,പഞ്ചർണ്ണക്കിളി,അങ്ങേറ്റം
മധുവിധു
ഒരുകുലമുന്തിരിങ്ങ(കുട്ടിക്കവിതകൾ),ഭാഗവതം,വിവർത്തനം മൂന്ന
മാല്യങ്ങൾ,ഇടിഞ്ഞ് പൊളിഞ്ഞ ലോകം(1983),അമ്രുതഗാഥിക(1985) തുടങ്ങിയ
46-ഓളം ക്രതികൾ

ഉപന്യസം:ഉപനയനം(1971)
സമാവർത്തനം(1978)

പുരസ്ക്കാരം:കേരള സാഹിത്യ അക്കാദമി അവാർഡ്(1972),കേന്ദ്ര സാഹിത്യ
അക്കാദമി അവാർ(1973),ഓടക്കുയൽ അവാർഡ്(1974),സഞ്ജയൻ
പുരസ്ക്കാരം(1952),പരമപ്രഭ(2002),അമ്രുത കീർത്തി പുരസ്ക്കാരം(2004),മാത്രുഭൂമി
സാഹിത്യം(2008)എഴുത്തച്ഛൻ(2008),പത്മശ്രീ(2017)ജ്ഞാനപീഠം(2019)

പ്രശസ്തമായ വരികൾ: "വെളിച്ചം ദുഖമാണുണ്ണി,
തമസ്സല്ലോ സുഖപ്രദം"

# പഞ്ചാബി ഹൗസ്

ഓർമ്മകളുടെ ഏതാനും ചില ദിവസങ്ങയയിരുന്നു കഴിഞ്ഞ് പോയത്.മൂർച്ചയുള്ള യഥാർത്ഥ സ്നേഹത്തിന് ഒരുപാട് നാളിന്റെ ആവിശ്യമില്ലാ എന്നതിന്റെ തെളിവാണ് ആറ് ദിവസത്തെ ഞങ്ങളുടെ മഹാരാഷ്ട്രയിലെ ലാത്തൂർ ക്യാമ്പ്.കേറി പോകുന്ന സമയത്ത് തന്റെ സുഹൃത്തുക്കളെ  വിട്ട് പിരിഞ്ഞതിന്റെയും അപരിചിതനായ



ആളുകളെയും  കണ്ടുമുട്ടിയതിന്റ  വിങ്ങിപൊട്ടലാണെങ്കിലും തിരികെവന്നപ്പോള്  പുതുതായി  ലഭിച്ച സ്നേഹത്തിന്റെ ഇതളുകളെ പിച്ചിചീന്തുന്ന വേദനയായരുന്നു.പിന്നീട്ഒരിക്കലും കാണില്ലെന്നും ഞങ്ങളുടെ ഒർമ്മകളില് മാമായി തീരുമെന്നും വിചാരിച്ച ഞങ്ങള്ക്ക് അവർ വരുന്നുണ്ടന്ന വാർത്ത ഉദിച്ച് ഉയർന്നപ്പോള് വളരെ അതിശയവും ആഹ്ലാദവും ഉള്ളിൽ നൃത്തമാടുകയുണ്ടായി.**NYP-** ക്യാമ്പിൽ സൂര്യനെ പോലെ ജ്വലിച്ച് നിന്ന പഞ്ചാബിൽ നിന്നും വന്ന

അദ്ധ്യാപകനായ ഖവാല്ജിത്ത് സാറും അദ്ദേഹത്തിന്റെ മറ്റ സഹപ്രവർത്തകരുമായാരുന്നു അന്ന് ഞങ്ങളെ കാണാന് വന്നിരുന്നത്..

MES-ന്റെ കീഴില് പ്രവർത്തിക്കുന്ന JRC-യുടെ ക്ലാപ്പോടു കൂടി MES-ന്റെ മൈതാനത്തേക്ക് അവരെ സ്വാഗതം ചെയ്തു.കത്തി ജ്വലിക്കുന്ന സൂര്യന്റെ താപത്തെ പ്രശ്നമാക്കാതെ അവർ ഞങ്ങളോടൊപ്പം മരത്തിന്റെ കീഴിൽ ഏതാനും നിമിഷം ഒരുമിച്ച് ഒത്തു കൂടി.പഞ്ചാബിന്റെ ജീവചരിത്രവും സംസ്കാരവും വളരെ ഉന്മേഷത്തോടെ പങ്കുവച്ചു പല തരത്തിലുള്ള അനുഭവങ്ങൾ ഞങ്ങൾക്ക് പറഞ്ഞുതന്നു.ആ നാടുകളിലെ പല തരാം ഭക്ഷണങ്ങളും നൃത്തച്ചുവടുകളും പങ്കുവെച്ചു.സാധാരണ പറയും പോലെ മാത്രമായിരുന്നില്ല അവർ ഞങ്ങളുടെ കൂടെ നൃത്തം വെച്ചും തമാശപറഞ്ഞും ഞങ്ങളെ ആനന്ദിപ്പിച്ചു. വാക്കുകളിലേറെ ശരീരം കൊണ്ട് അവർ പ്രാവർത്തികമാക്കി.അങ്ങനെ നിമിഷങ്ങൾ പോവുന്നത് ഞങ്ങൾ അറിഞ്ഞതേയില്ല.ജീവിതത്തിൽ പഞ്ചാബിന്റെ നൃത്തച്ചുവടുകളും സംഗീതവും ജീവചരിത്രവും ഞങ്ങളുടെ മനസ്സുകളിൽ വീണ്ടും ഓർമകളാക്കി അവർ വിട പറഞ്ഞു.ആനന്ദമായി ഓർമകളിലൂടെ അവരിന്നും ജീവിക്കുന്നു....



# ഭീതിയിലാഴ്ത്തിയ പൗരത്വം

പാകിസ്ഥാൻ,അഫ്ഗാനിസ്ഥാൻ,ബംഗ്ലാദേശ് എന്നീ ഇന്ത്യയുടെ അയൽ രാജ്യങ്ങളിൽ നിന്നുള്ള അവിടങ്ങളിലെ മതന്യൂനപക്ഷങ്ങളായ ഹിന്ദുക്കൾ, സിഖുകാർ,ബുദ്ധമതക്കാർ,ജൈനക്കാർ,പാഴ്സികൾ, ക്രിസ്ത്യാനികൾ എന്നിവരടങ്ങുന്ന അനധിക്രൃത കുടിയേറ്റക്കാർക്ക് ഇന്ത്യൻ പൗരത്വം നേടുന്നത് എളുപ്പമാക്കുന്നതിൻ 1955-ലെ പൗരത്വ നിയമം ഭേദഗതി ചെയ്യുന്ന ഇന്ത്യൻ പാർലമെന്റിന്റെ ഒരു നിയമമാണ് പൗരത്വ (ഭേദഗതി)നിയമം. 2014 ഡിസംബർ 31-ലോ അതിനുമുമ്പോ ഇന്ത്യയിൽ പ്രവേശിച്ച ബംഗ്ലാദേശ്,പാകിസ്ഥാൻ,അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള ന്യൂനപക്ഷ വിഭാഗങ്ങളെ അനധികൃത കുടിയേറ്റക്കാരായി കരുതുന്നതിൽനിന്നും ഈ നിയമം ഒഴിവാക്കുന്നു. അവർ ഇന്ത്യൻ പൗരത്വത്തിനായി ഇന്ത്യയിൽ താമസിക്കേണ്ടതിന്റെ കുറഞ്ഞ കാലാവധി 11 വർഷം എന്നതിൽനിന്നും 5 വർഷം ആയി കുറയ്ക്കാൻ ഈ നിയമം അനുവധിക്കുന്നു. അത്തരം യോഗ്യതകളിൽ നിന്ന് അതാതു രാജ്യങ്ങളിലെ ഭൂരിപക്ഷമായ മുസ്ലീങ്ങളെ ഈ നിയമം ഒഴിവാക്കുന്ന ബില്ലിന്റെ ഉടനടി ഗുണഭോക്താൾ,ഐബി രേഖകൾ പ്രകാരം,വെറും 30,000 ആളുകളാണ്. ഇതാദ്യമായാണ് ഇന്ത്യയിൽ പൗരത്വത്തിന്റെ വ്യവസ്ഥകളിൽ മതപരിഗണന ഉൾപ്പെടുന്നത്.

മതേതരത്ത്വ ഇന്ത്യൻ ഭരണഘടനയുടെ ആത്മാവിനെ വിള്ളൽ അർപ്പിച്ചു കൊണ്ടാണ് പൗരത്വ നിയമത്തിന്റ പിറവി. ഒരു പ്രാവശ്യം മുറിച്ചു കളയുന്നതെല്ലാം വീണ്ടും ചേർത്തുവെക്കാൻ കഴിയുന്നതല്ല. ലോകതലത്തിൽ എന്നും തിളങ്ങിനിൽക്കുന്ന ഇന്ത്യൻ ഭരണഘടന പുറമെന്ന് കരുത്തുറ്റതാണെങ്കിലും സൂക്ഷിച്ചു നോക്കുമ്പോൾ ധാരാളം വിള്ളലുകൾ കാണാൻ സാധിക്കുന്നത് നമ്മുടെ ജനാധിപത്യത്തിന്റെ പോരായിമയാണ്. ഇതിനെ മറികടക്കാൻ 'നാനാത്വത്തിൽ ഏകത്വം' എന്ന മുദ്രാവാക്യം നെഞ്ചിൽ ചേർത്ത് പിടിച്ച് കൈകൾ കോർത്തിണക്കി പാദങ്ങൾ ഒന്നിച്ച് ,പിറന്ന മണ്ണിന്കാവലിനായി 'ജയ് ഹിന്ദ്' എന്ന വാക്ക് തലക്ക് നേരെ ഉയർത്തിപ്പിടിച്ച ചുരുട്ടിയ കൈകൾ ഒരേ താളത്തിൽ മേലോട്ടും താഴോട്ടും

# പ്രകാശം പരത്തുന്നവർ

ജനാലക്കരികിൽ വെറുതെ മൂളിപ്പാട്ടുപാടിയിരിക്കുന്ന കുട്ടിയെ ശല്ല്യപ്പടുത്തിക്കൊണ്ട് ഒരാൾ തന്റെ അരികിലേക്ക് വിളിച്ചു.ഒരു പലചരക്ക് കച്ചവടക്കാരനായ രഘുവാണ് കുട്ടിയുടെ ചെവിയിൽ പിറുപിറുങ്ങനെ സംസാരിച്ചുകൊണ്ട് അവനെ തിരിച്ചയച്ചത്.ഇതെല്ലാം ഒരു സംഘടനയുടെ നേതാവായ മനു, കാണുന്നുണ്ടായിരുന്നു.അദ്ദേഹം ആ കുട്ടിയെ തന്റെ അരികിലേക്ക് വിളിക്കുകയും എന്തൊക്കെയോ കാര്യമായിട്ട് സംസാരിക്കുകയുണ്ടായി.ഈ പറയുന്ന കുട്ടിയാണ് രാമു.

അങ്ങനെ ദിവസങ്ങൾ ആഴ്ച്ചകൾ എല്ലാം ആരും അറിയാതെ കടന്നുപോയി.അങ്ങനെയിരിക്കെയാണ് സ്കൂളിലെകലാമേളയും കടന്നുവന്നത്. കുട്ടികൾ ഓരോ തരത്തിലുള്ള പരിപാടികളിൽ പങ്കെടുത്തു.ഏകദേശം നാല് മണിയായപ്പോഴേക്കും പരിപാടി അവസാനിച്ചു.പല കുട്ടികലും വീട്ടിലേക്ക് മടങ്ങാതെ സ്കൂളിൽ തന്നെ തങ്ങി നിൽക്കുന്ന പ്രവണത അധ്യാപകരുടെ ശ്രദ്ധയിൽപെട്ടു.സ്കൂളിലെ അച്ചടക്കത്തിന് പ്രാധാന്യം കൊടുക്കാത്ത അധ്യപകരുടെ ശ്രദ്ധയിൽ പെട്ടു.സ്കൂളിലെ അച്ചടക്കത്തിന് പ്രാധാന്യം കൊടുക്കാത്ത ഈ പ്രവണതക്ക്
ശിക്ഷ കൊടുക്കാൻ അൽപം താൽപര്യക്കുറവുണ്ടായിരുന്നു.കുട്ടികളുടെ അനാവശ്യമായ ഈ പ്രവണതകൾ നാട്ടുകാരായ പല ആളുകളും നിരീക്ഷിക്കുന്നുണ്ടായിരുന്നു.പല നാട്ടുകാരും ഇതിന് കർശനമായനടപടിയെടുക്കാൻ തീരുമാനിച്ചു.ആരെങ്കിലുമൊരാൾ മുന്നോട്ട് വന്നാൽ കേസ് കൊടുക്കാം എന്ന തീരുമാനത്തിലാണ് പലരും ഒഴിവ് സമയങ്ങളിൽ ഇവരെന്താണ് ചെയ്യുന്നത് എന്ന ആർക്കും മനസ്സിലായില്ല .അപ്പോഴാണ് സ്കൂളിലെ ചില മിടുക്കരായ വിദ്യാർത്ഥികൾക്ക് കാര്യം മനസ്സിലാക്കാൻ കഴിഞ്ഞത് .സ്കൂളിലെ പല കുട്ടികളിലും മദ്യപാന പദ്ധതികൾ ഉണ്ടോ എന്ന് സംശയിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിൽ മാറ്റൊലികൊണ്ടു.എണ്ണത്തിൽ വർധനക്ക് പകരമായി

തളർച്ചയാണുണ്ടായത് .പല കുട്ടികളേയും കാണ്മാനില്ല.നാട്ടുകാർ ഈ പ്രവണതയെ തീർത്തും എതിർക്കുകയും കേസെടുക്കുകയും ചെയ്തു .


ഈ കേസ് വലിയൊരു പ്രതിസന്ധിയിലേക്ക് നയിക്കുന്നതായിരുന്നു .പോലീസ് അന്വേഷണം നടത്തി.ഇതിന്റെ പിന്നിൽ എന്താണെന്ന് അറിയാൻ ശ്രമിച്ചു .അപ്പോഴാണ് നേരത്തെ സൂചിപ്പിച്ച രാമു പോലീസുകാർക്ക് മുമ്പിൽ പ്രത്യക്ഷമാവുന്നത്.അവനിപ്രകാരം പറയുകയുണ്ടായി,..പലചരക്കുകച്ചവടക്കാരനായ രഘുവാണ് കുട്ടികളെകുട്ടികളെ ചെറുകിട രീതിയിൽ മദ്യപാനവും ചൂതാട്ടവും പരിശീലിപ്പിക്കുന്നത്.ഇത് കേട്ടയുടനെ പോലീസുകാർ രഘുവിനെ പിടികൂടി അവനെ കോടതിയിൽ ഹാജരാക്കി.അവനെ തൂക്കിയിറക്കണം എന്നായിരുന്നു പലരുടെയും അഭിപ്രായം.എങ്കിൽ പിന്നെ തൂക്കുകയർ തന്നെയാണ് രഘുവിനുള്ള ശിക്ഷ എന്ന ഉറച്ച തീരുമാനത്തിലെത്തി.നാട്ടിലെ പലരും രഘുവിനെ കുറിച്ച നല്ല ധാരണകൾ മനസ്സിലുൾക്കൊണ്ടവരായിരുന്നു.അവരുടെ ഈ ധാരണ ഒട്ടും ശേരിയല്ലെന്ന് അവർ സ്ഥിതീകരിച്ചു . എല്ലാ ശിക്ഷാ നടപടികളും ഉറപ്പിച്ചിരിക്കായാണ് അത് സംഭവിച്ചത് .ജനാലകക്കരികിലിരുന്ന രാമു എന്ന കുട്ടി അവിടെ പ്രത്യക്ഷപെട്ടു .അവൻ പോലീസുകാരനോട് ഇപ്രാകാരമാണ് ഗർജ്ജിച്ചത് "ഞങ്ങളുടെ സ്കൂളിലെ കുട്ടികളെ മദ്യപാനികളാക്കിയത് ഇവനല്ല .മറിച്ച് ഈ നാട്ടിലെ വായനശാലയുടെ സ്ഥാപകനായ മനുവാണ് ഈ ദുഷ്ടത കാണിച്ചത് .ഞങ്ങളുടെ സ്കൂളിലെ മടിയന്മാരായ കുട്ടികളെ മിടുക്കരാക്കാൻ ശ്രമിച്ച വ്യക്തിയാണ് രഘു .എന്നിട്ടിപ്പാവാം സൽസ്വഭാവിയായ വ്യക്തിയെയാണോ നിങ്ങൾ തൂക്കിലേറ്റുന്നത് ! എന്റെ മിഴികൾക്കു മുമ്പിൽ നിൽക്കുന്നവരൊക്കെ പോലീസുകാരാണോ ? പറഞ്ഞാൽ കൊള്ളാം .ഒരു കേസിലെ പ്രതിയെപ്പോലും കണ്ടുപിടിക്കാനാവാത്ത നിങ്ങളെല്ലാം പോലീസുകാർ പേരിന് മാത്രം പ്രശസ്തി .പ്രവർത്തനങ്ങളിൽ പ്രശസ്തിയില്ലല്ലോ ഇത് കേട്ട ജനക്കൂട്ടം ഒന്നാകെ മനുവിനെ കല്ലെറിഞ്ഞു കൊല്ലുകയും ,രാമുവിനെ പ്രശംസിക്കുകയും ചെയ്തു .ഈ വാർത്ത നാട്ടിൽ ഒന്നാകെ പടർന്നു .നാട്ടിലെ പല ചടങ്ങുകളിലും ,സ്കൂളുകളിലും രാമുവിനെയും രഘുവിനെയും അഭിനന്ദിക്കുകയും അവാർഡുകളും മറ്റും വിതരണം ചെയ്തു .മദ്യപാനികളായ കുട്ടികളെ തിരിച്ചു നല്ല മാർഗങ്ങളിലേക്ക് എത്തിക്കാൻ വേണ്ടി ഒരു സ്ഥാപനം ഉണ്ടാക്കി .എന്നിട്ട് ആ കുട്ടികളെയെല്ലാം ഒരു പുതിയ വെളിച്ചത്തിലേക്കു കൊണ്ടുവന്നു .രാമുവാണ് പ്രകാശം പരത്തിയവൻ !

# മരണം

ഇരുളിലൂടൊഴുകിയൊരു കൈകൾ-
വന്നണയുന്നു.
ആദ്യമായെന്നെത്തേടിയുഞ്ഞതാവാം
അത് എനിക്കായി ദൈവം വിധിച്ചതാവും
കാണുന്നനേരം മിഴികളിൽ ചുടുരക്ത-
മുറ്റിക്കടിവാനുള്ള പകയെന്തോ?
ആരുമില്ലാത്തവർക്കാശയായ് വരുമെന്നോ
ഉറ്റവരിൽ കണ്ണുനീർ വിതയ്ക്കുമെന്നോ
കൂട്ടികൊണ്ടുപോകാനായ് വരില്ലയോ...

# ജവഹർലാൽ നെഹ്റു


ജവഹർലാൽ നെഹ്റു(നവംബർ 14 1889 -മേയ് 27 1964) ആധുനികഇന്ത്യയുടെ ശില്പി എന്ന് വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി.ഇന്ത്യയുടെ സ്വാതന്ത്ര്യസമര നേതാവ്, രാഷ്ട്രീയ തത്ത്വ ചിന്തകൻ,ചരിത്രകാരൻ,എന്നീ നിലകളിലെല്ലാം നെഹ്റു രാജ്യാന്തര തരത്തിലും ചേരിചേരാനയം അവതരിപ്പിച്ചും ശ്രദ്ധ നേടിയിരുന്നു.



മോഹനൻദാസ് കരംചന്ദ് ഗാന്ധിയുടെ ആശിസ്സുകളോടെ ഇന്ത്യൻ സ്വാതന്ത്രസമരത്തിന്റെ മുന്നണി പോരാളിയായി മാറിയ ഇദ്ദേഹം ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയ 1947 മുതൽ 1964 ൽ മരിക്കുന്നത് വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചു.സോഷ്യലിസത്തിൽ രാഷ്ട്രീയ ദർശനങ്ങളാണ് 4 പതിറ്റാണ്ടോളം ഇന്ത്യയെ നയിച്ചത്.അദ്ദേഹത്തിന്റെ ഏക മകൾ ഇന്ദിരാഗാന്ധിയും ചെറുമകൻ രാജീവ്ഗാന്ധിയും പിന്നീട് പ്രധാനമന്ത്രി സ്ഥാനം വഹിച്ചിട്ടുണ്ട്.

# ഭരണഘടന

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. എഴുതപ്പെട്ട ഏറ്റവും വലിയ ഭരണഘടനയുള്ള രാജ്യവും ഇന്ത്യയാണ്.ഭരണഘടനയാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഊർജസ്രോതസ്സ് എന്ന് പരക്കെ അംഗീകരിക്കുന്നുണ്ട്. രാജ്യത്തിന്റെ ഭരണഘടനയെ ഒരു ജീവിയോട് ഉപമിക്കാവുന്ന-താണ്.എന്തെന്നാൽ,ജനങ്ങൾ വളരുന്നതോടൊപ്പം ആ രാജ്യത്തെ ഭരണഘടനയും വളരുന്നു.




ഇന്ത്യൻ ഭരണഘടനയുടെ ആത്മാവിനെ സുപ്രീംകോടതി വിശേഷിപ്പിച്ചിരിക്കുന്നത് ഭരണഘടനയുടെ അടിസ്ഥാനസ്വഭാവ-ങ്ങൾ **(Basic Features of the Constitution)**എന്നാണ്.ജനാധിപത്യംഫെഡറലിസം,മൗലി കാവകാശങ്ങൾ എന്നിവ ഈ അടിസ്ഥാനസ്വഭാവങ്ങളുടെ ഭാഗമായി കണക്കാക്കുന്നു.

വളർന്നുകൊണ്ടിരിക്കുന്ന സമൂഹത്തിൽ വെല്ലുവിളികൾ അനിവാര്യമാണ്. അപ്പോഴൊക്കെ ഭരണഘടനയും അവയെ നേരിടേണ്ടിവരും.പക്ഷേ, അവയൊക്കെ കൂടുതലും ഭരണഘടനയുടെ ശരീരത്തെ മാത്രമാണ് ബാധിക്കുക. ഉദാഹരണമായി, ൽ ഭരണഘടന നിലവിൽവന്നശേഷം നൂറിലേറെ ഭേദഗതികൾ വരുത്തി ഭരണഘടനയിൽ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.അവയെല്ലാം ഭരണഘടനയെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയതത്.എന്നാൽ ഭരണഘടനയുടെ അന്തഃസത്തയെ ബാധിക്കുന്ന വെല്ലുവിളികളെ രാഷ്ട്രീയമായും കോടതികളുടെ ഇടപെടൽവഴിയും രാഷ്ട്രം നേരിട്ടു. അങ്ങനെ ഭരണഘടനയുടെ അടിഇടപെടൽവഴിയും രാഷ്ട്രം നേരിട്ടു. അങ്ങനെഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങൾ നിലനിർത്തി.സ്ഥാനമൂല്യങ്ങൾ നിലനിർത്തി.കോടതികളുടെ ഇടപെടൽവഴിയും രാഷ്ട്രം നേരിട്ടു. അങ്ങനെ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങൾ നിലനിർത്തി. ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങൾ നിലനിർത്തി.സ്ഥാനമൂല്യങ്ങൾ നിലനിർത്തി.കോടതികളുടെ ഇടപെടൽവഴിയും രാഷ്ട്രം നേരിട്ടു. അങ്ങനെ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങൾ നിലനിർത്തി.

# കൃഷിച്ചൊല്ലുകൾ:

1- ഉടമയുടെ കണ്ണ് ഒന്നാംതരം വളം

2- കതിരിൽ വളം വെച്ചിട്ടു കാര്യമില്ല!

3- ആരിയൻ വിതച്ചാ നവര കൊയ്യാമോ

4- ആഴത്തിൽ ഉഴുതു അകലത്തിൽ വിതയ്ക്കുക

5-കന്നില്ലാത്തവൻ കണ്ണില്ല

6-കർക്കടകത്തിൽ പത്തില കഴിക്കണം

7-കണ്ടം വിറ്റ് കാളയെ വാങ്ങുമോ

8-കന്നൻ വാഴയുടെ ചുവട്ടിൽ പൂവൻ വാഴ കിളിർക്കുമോ

9-കർക്കടകം കഴിഞ്ഞാൽ ദുർഘടം കഴിഞ്ഞു

10- കർക്കിടക ഞാറ്റിൽ പട്ടിണി കിടന്നതു പുത്തിരി കഴിഞ്ഞാൽ മറക്കരുത്.

11-ഒരു വിള വിതച്ചാൽ പലവിത്തു വിളയില്ല

12- കല്ലാട്ടും മുറ്റത്ത് നെല്ലാടില്ല

13-കാലത്തെ വിതച്ചാൽ നേരത്തെ കൊയ്യാം

14-കുംഭത്തിൽ നട്ടാൽ കുടയോളം,മീനത്തിൽ നട്ടാൽ മീൻകണ്ണോളം

15-കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി.





# അച്ഛനെന്ന സത്യം

ആശുപത്രി വരാന്തയിൽ
നീളെയൊരു നടത്തമുണ്ട്......
അറ്റമുണ്ടെന്നെറിഞ്ഞിട്ടും കൂട്ടിലെ
വെരുകപൊൽ തലങ്ങും വിലങ്ങും
നടക്കുന്നയൊരാൾ.......

പ്രസവ വേദനക്കൊപ്പം പ്രിയപത്നി
തൻ നിലവിളി പാടെ പരക്കുമ്പോൾ
ചങ്കിടിപ്പോടെ
ദൈവത്തിലേക്കടിഞ്ഞു
പിടക്കുന്നൊരു ഹൃദയമുണ്ട്.....

ഇരുന്നും നടന്നും കരഞ്ഞും
ചിന്തിച്ചും തീർക്കുന്ന ദശലക്ഷ
ദൈർഘ്യമുള്ള നിമിഷനേരങ്ങൾ...

ചുറ്റിലും പരന്നായ
കോലാഹലങ്ങളെ കൊട്ടിയടിച്ചിട്ട്
കാതുകൂർപ്പിച്ചിരിക്കുന്നു തൻ
പൈതലിൽ കുഞ്ഞിക്കരച്ചിൽ
കേൾക്കുവാൻ....

ഗർഭ കാലത്തിലുടനീളം അമ്മയെ
തഴുകിയ ആദിയും വ്യാധിയും
ഒറ്റമണിക്കൂറിൽ  അനുഭവിച്ച സാധു
മനുഷ്യൻ......

ഒടുവിലാ വരാന്തയിൽ തൻ
പൈതലിൻ കൊഞ്ചലും കരച്ചിലും
പരക്കുമ്പോൾ കണ്ണിനിമയിൽ
നിറയുന്ന കനവിന്റെ പേരാണ്

അച്ഛൻ....... "ടീം സ്മാർട്ട്"

ആഗോള വൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ ധാരാളം സാധ്യതകളാണ് ലോകത്തുള്ളത്. അനന്തമായ ഈ സാധ്യതകളെ കുട്ടികൾക്ക് പരിജയപ്പെടുത്തി തങ്ങൾക്കിണകിയ സാധ്യതകളെ കണ്ടെത്തി വിദ്ധ്യാർത്തിക്കനുസരിച്ച, അഭിരുചിക്കിണങ്ങിയ മേഘലയിലെക്ക് കൈപിടിച്ച് കൊണ്ടുവരികയും വ്യത്യസ്ഥ സ്കോളർഷിപ്പ് പരീക്ഷകൾക്ക് വിദ്ധ്യർത്ഥികളെ സജ്ജരാക്കുകയും രാജ്യത്തിന്റെ ഉന്നതമായ തൊഴിൽ മേഖലയായ സിവിൽ സർവ്വീസ് അടക്കമുള്ള മേഖലയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ടീമാണ് 'ടീം സ്മാർട്ട്' വ്യത്യസ്ഥ മേഘലയിലെ ആളുകളുമായി ഇടപഴകാനും അവരിൽ നിന്ന് നേരിട്ട് കാര്യങ്ങൾ മനസ്സിലാക്കാനും അവസരങ്ങൾ ഒരുക്കുന്നു കരിയർ ഗൈഡൻസ് മോട്ടിവേഷൻ , വ്യക്തിത്വ വികസന കാമ്പുകൾ എന്നിവയും ടീമംഗങ്ങൾക്ക് പ്രത്യകമായി നൽകുന്നു

**2019-20** അദ്ധ്യാനവർഷത്തിൽ തന്നെ **NMMS** പരീക്ഷകൾക്കുള്ള കോചിഗ് നടത്തുകയും അതോടൊപ്പം, ശാസ്ത്രവാബോധമുണ്ടാക്കാൻ നാസഗഫൂർഡർ പരിന്തൽമണ്ണ **MES** മെഡിക്കൽ കോളെജ് അസിഡന്റ് രജിസ്ട്ർ ഹമീദ് ഫസിൽ, സ്പെയ്നിലെ സിവിൽ എൻജിനിയർ റോബർട്ടോ, ചെക്ക് റിപ്പബ്ലിക്കിലെ ഗവേഷക വിദ്യാർത്ഥിയായ അർഷദ്, ഗോപിനാഥ് മുതുകാട്, ശിഹാബുദ്ദീൻ **IAS** തുടങ്ങി ഒട്ടനവധി പ്രഗൽപരുമായി സംവധിക്കാനുള്ള അവസരം ടീം സ്മാട്ടിനു ലഭിച്ചു**.** വായനാ ശീലം വളർത്തുക അവരവരുടെ കഴിവുകള് കണ്ടെത്തി ലക്ഷ്യം നിർണയിക്കാൻ സഹായിക്കുന്ന പദ്ധതികളും ടീം സ്മാർട്ട് സമർപ്പിക്കുന്നു**......... "A better future with small steps"** എന്നതാണ് ടീം സ്മാർട്ടിന്റെ മോട്ടോ**.**




# THAT RAINY NIGHT

It was a mysterious night filled with darkness for Arjun. He was a 15 year old boy, with blue eyes.He walked alone in that heavy rain hopeless. He stopped walking, when he reached the church, he ran into the church. Looked every where no one was there. He had to stole, or he have to stole for his mother first time in his life. Yes he was an honest, smart, kind boy who was the first ranker in school. Every one appreciated him. He was a role model for every student. But now.....his faith made him to do this mistake. He stole money from church with tears running out of his eyes and ran to the hospital. He ran as fast as he can, faster than when he ran to win the state level gold in athletics. He reach the hospital with wet clothes and ran to the counter. Saviour doctor saw him and made him to sit on the chair.”Here take the money, please start the operation” said Arjun continuously. Dr. Made him quite “son, your mother had left you. You are late” Sympathetically said Doctor. Arjun he can’t even understand anything at all. He ran out of his mind “No no she won’t, she can’t, she can’t leave me, she can’t leave me. Papa you can’t take mama with you “he said this madly, again and again. Michael who is the member of church came with father Andrews angrily. “Thief, he is a thief he was the one who robbed” shouted Michael he went to Arjun and slapped him in the face.

It was morning when he opened his eyes. He was in the police station. Father Andrews looked him sympathetically. But he was not Arjun he, he was some one who was completely out of mind.

# വൃദ്ധസദനം, നാളത്തെ ഭീഷണിയാം ഭവനം

വൃദ്ധരെ അടിച്ചു തള്ളും വീട്
ദു:ഖത്തിൽ കലർന്ന
ഒരു പറ്റം ജീവിതങ്ങൾ...

തൻ മക്കൾ തൻ മടിയിൽ ചാഞ്ഞു
മരിക്കുവാൻ കൊതിച്ച പോയ്മനം
ലാളിച്ചു വളർത്തിയ തൻ മക്കൾ
തള്ളിവിട്ടുവല്ലോ ഈ വീട്ടിലേക്ക്
എൻ മനം കൊതിക്കയായി തൻ മക്കൾ
തൻ സ്നേഹം ലഭിക്കുവാനായ്
എൻ മക്കൾ അറിയുന്നില്ലല്ലോ.
എൻ ഹൃദയത്തിൻ തേങ്ങൽ
മക്കളാൽ തള്ളപ്പെട്ട ഈ വീട്ടിൽ
ലഭിക്കുമോ സന്തോഷം??
പേരക്കുട്ടികൾ തൻ കുസൃതി
ച്ചിരികൾ കാണുവാൻ
കൊതിച്ചുവല്ലോ മനം
ഇങ്ങനെ അടിച്ചുതള്ളപെടേണ്ടതാണോ
വാർധക്യം??
എൻ മക്കൾ ഓർക്കുന്നില്ലല്ലോ അവർക്ക് വരാനിരിക്കുന്നത് ഈ
വിധിയാണെന്ന്
"തേങ്ങും ഹൃദയങ്ങൾ തൻ വീട്".

# കേരളക്കരയെ ഭീതിയിലാഴ്ത്തിയ പ്രളയം

മഴ എന്നും ഇഷ്ടത്തോടെ നോക്കിനിന്നിരുന്നവരുടെ മനസ്സിൽ ഭീതിയുടെ പര്യായമായി അത് മാറുന്ന ദുരന്ത പൂർണമായ കാഴ്ചക്കാണ് 2019 ആഗസ്റ്റ് 7 മുതൽ മമ്പാട്കാർ സാക്ഷ്യം വഹിച്ചത്. കോരിച്ചൊരിയുന്ന മഴ എത്ര തിമർത്തു പെയ്താലും വെള്ളം കയറാത്ത സ്ഥലങ്ങളിലേക്കും ചാലിയാർ പുഴ ഒഴുകിയെത്തിയപ്പോൾ തകർന്നത് ആയിരക്കണക്കിന് നാട്ടുകാരുടെ സ്വപ്നങ്ങളായിരുന്നു. ഇത്രകാലം ഒരുക്കൂട്ടിവച്ച സമ്പാദ്യമെല്ലാം ഒന്നോ രണ്ടോ ദിവസങ്ങൾ കൊണ്ട് തന്നെ കൺമുന്നിൽ അടർന്നു വീഴുന്നതും നശിക്കുന്നതും



കാണേണ്ടി വന്നപ്പോൾ മമ്പാട് എംഇഎസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾക്ക് സ്വന്തം ഉമ്മയും ബാപ്പയും ഉൾപ്പെടുന്ന കൺമുൻപിൽ പിടഞ്ഞ് ജീവൻ പോകുന്ന ദാരുണമായ കാഴ്ചയാണ്.

നിരവധിയായ കുട്ടികൾക്ക് സ്വന്തം വീട് ജലം കടക്കുന്നത് നോക്കിനിൽക്കാൻ മാത്രമേ കഴിഞ്ഞിട്ടുള്ളൂ ചിലർക്ക് അതിനു പോലും സാധിക്കാതെ ജീവൻ രക്ഷപ്പെടുത്താൻ ആ നാടും വീടും വിട്ട് ഓടുന്ന ദയനീയമായ കാഴ്ചയ്ക്ക് സാക്ഷ്യം വഹിച്ചു.

ശക്തമായി തോരാതെ പെയ്തുക്കൊണ്ടിരിക്കുന്ന മഴ.മഴയുടെ ഓരോ തുള്ളിയും ഭൂമിയിൽ പതിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം മനുഷ്യരെ ഭീതിയിലാഴ്ത്തുന്നു.കാറ്റും മഴയും ഒന്നിനൊന്നോട് വിട്ടുകൊടുക്കാതെകലഹിച്ചുക്കൊണ്ടിരിക്കുന്നു.അങ്ങനെ ഒരു

പ്രളയത്തിനുള്ള വഴിയൊരുങ്ങുന്നു.

കലഹിച്ചുക്കൊണ്ടിരിക്കുന്നു.അങ്ങനെ ഒരു പ്രളയത്തിനുള്ള വഴിയൊരുങ്ങുന്നു.

ജാതിയുടെയും മതത്തിന്റെയും പേരിൽ കോലാഹലങ്ങൾ ഉണ്ടാക്കിയവർ ഒരു പ്രളയത്തിനും നമ്മേ തോൽപ്പിക്കാനാവില്ല എന്ന മുദ്രാവാക്ക്യത്തോടെ ഒത്തുചേർന്നു നിന്ന് കേരളത്തിന്റെ മക്കൾ.നമ്മുക്ക് വേണ്ടി ഒരുപാട് കഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ ഒരിക്കൽ പോലും ഓർത്തിരുന്നില്ല. കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ സ്വന്തം ജീവൻ പോലും പണയപ്പെടുത്തിക്കൊണ്ട് നമ്മൾ എല്ലാവരും ഒരമ്മപ്പെറ്റ മക്കളെന്ന പോലെ ഒരു ജാതിയെന്നില്ലാതെ മതമെന്നില്ലാതെ പ്രളയത്തിൽ നിന്നും നമ്മെ കരകയറ്റിയത്



മത്സ്യത്തൊഴിലാളികളാണ്.എല്ലാ ജനങ്ങളും ഒരുമയോട് കൂടി ഒരു വീട്ടിൽ താമസിക്കുമ്പോൾ വെള്ളം കയറിയ വീട്ടിൽ നിന്നും സാധനങ്ങളോല്ലാമെടുത്ത് മാറ്റിവെച്ച് നാശനസ്ടങ്ങൾ തടയാനായി ശ്രമിക്കുന്നതിനിടയിലും പണമായിട്ടും വിലകൂടിയ വസ്തുക്കൾ മോഷ്ട്ടിച്ച് മലയാളികളുടെ വില കളയുന്ന മനുഷ്യരുമുണ്ടായിരുന്ന ജനങ്ങൾക്കിടയിൽ.പിന്നെങ്ങനെ പ്രളയം വരാതിരിക്കും?ഈ കഴിഞ്ഞ പ്രളയം ക്കൊണ്ട് നല്ല മനുഷ്യരെ കാണാൻ സാധിക്കുകയാണ് ചെയ്തത്.

മനുഷ്യരെന്നും മൃഗങ്ങളെന്നും ഇല്ലാതെ എല്ലാവരും ഒത്തൊരുമയോടെ മുന്നേറിയ പ്രളയമായിരുന്നു.കേരളം കണ്ട ഏറ്റവും വലിയ പ്രളയമായിരുന്നിത്.എല്ലാ മനുഷ്യര്ക്കും കൃഷിയായിട്ടും,പാര്പ്പിടമായിട്ടും,സാധനങ്ങളായിട്ടും ഒരുപാട് നാശനഷ്ടങ്ങള് വിതച്ചു.ഇതില് നിന്നെല്ലാം നമ്മെ കരകയറ്റാന് ശ്രമിച്ചത് നാമെല്ലാം പൃഥരത്തോടെ

കണ്ടകടലിന്റെ മക്കളായിരുന്നു.അവരുടെ ആ വലിയ മനസ്സിന് നമുക്ക് നൽകാം ഒരു ബിഗ് സല്യൂട്ട്.

കടലിന്റെ മക്കളായിരുന്നു.അവരുടെ ആ വലിയ മനസ്സിന് നമുക്ക് നൽകാം ഒരു ബിഗ് സല്യൂട്ട്.

# നാടിന്റെ വിധവ



നേർമ്മ തൻ തുള്ളി മിനുക്കിയ പുഞ്ചിരി
ചുണ്ടിൽ പിടിപ്പിച്ച ഞാൻ
നിന്നെ ഓർക്കും തോറുമെന്നുള്ളിൽ
ഓർമ്മകൾക്കിനി ചിറകടി ശബ്ദം
എത്ര ഞാൻ
നിയന്ത്രിച്ചിട്ടും എന്തെ
എന്റെ നയനങ്ങൾ ഇമനീരിൽ മുങ്ങി
നിന്റെ ചേതനയറ്റ ശരീരം
എന്റെ കൈകളിലായിരുന്നന്ന്
ആദ്യമായി ഞാൻ നിൻ മേനിയിൽ തൊട്ടു
അന്നു ഞാൻ നിൽ നെറുകയിൽ മുത്തുമ്പോൾ
പിറന്ന മണ്ണിനായി ത്യജിച്ച നിൻ ജീവനിൽ
ആയിരം പ്രാർത്ഥന അലിഞ്ഞ സുഖമോ
നിന്റെ പെണ്ണായി പിറന്നില്ലേലെന്താ.......
നിന്റെ വിധവയായി ഇഹലോകം വെടിയും.........

# പാഠം ഒന്ന് പാഠത്തേക്ക്

കന്നിമാസത്തിലെ മകംനാളിൽ നെല്ലിന്റെ ജന്മദിനത്തിൽ മമ്പാട് കൃഷിഭവനും, മമ്പാട് ഗ്രാമ പഞ്ചായത്തും M.E.S.H.S.S മമ്പാടും സംയുക്തമായി ഞാറ് നടൽ ഉത്സവം നടത്തി......



അന്നത്തെ ഒരു ദിനം കുട്ടികൾക്ക് അത്രവേഗത്തിൽ മറക്കാൻ കഴിയുന്ന ഒന്നാവാൻ ഇടയില്ല.... അത്രയ്ക്ക് നല്ല ഒരു അനുഭവമായിരുന്നു നാച്ചുറൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്നത്.....

പുതു തലമുറയ്ക്ക് അത്യാവശ്യം കൊടുക്കേണ്ട ഒരു സന്ദേശം ആയിരുന്നു അവർക്ക് കാണിച്ച് കൊടുത്തത്......

J R C യുടേയും LITTLE HOPE ന്റെയും വിദ്യാർത്ഥികളെ അണിനിരത്തി അൻവർ സാറിന്റെ നേതൃത്വത്തിൽ ഒരു ഒന്നൊന്നര ഞാറ് നടൽ ഉത്സസവം..... കുട്ടികൾ വളരെ ആത്മാർഥമായി അധികമാർക്കും ലഭിക്കാത്ത ഈ അവസരം ആടിയും പാടിയും അത് അങ്ങ് ഏറ്റ് പിടിച്ചു......

അത് കഴിഞ്ഞ് പഞ്ചായത്ത് വക കപ്പയും മീൻ കറിയും ചമ്മന്തിയും.......




ഹൈസ്കൂൾ വിദ്യാർഥികൾക്കായി JRC സംഘടിപ്പിച്ച "വിരലുകളിലെ മായാജാലം"എന്ന തൽസമയ റുബിക്സ് ക്യൂബ് മത്സരത്തിൽ നിന്നും

# ധരണി



മണ്ണില്ല മധുവില്ല മണമില്ല ധരണിയിൽ
മല പോയി വിലയായി വില്ല വന്നധരണിയിൽ
മരമില്ല മഴയില്ല മതം കൂടി ധരണിയിൽ
വിളയില്ല വളമില്ല വിരൽ തൊട്ടാൽ വിന വരും
നിള വറ്റി നിഴൽ കൂടി നിണമുറ്റി ധരണിയിൽ
ചിലയില്ല ചലനല്ല ചതി മാത്രം  ധരണിയിൽ
മാറ്റണം നാമുള്ള ശീലങ്ങളൊക്കെയും
മാതൃഭൂമിക്ക് കാവലായിനിൽക്കണം
മണ്ണാണ് വലുത് മതമല്ല വലുത്
മാനസത്തിൻ ഉറപ്പിച്ച് വക്കണം
നാളെയുടെ മക്കൾക്ക് മാതൃകയാകണം

# പഴഞ്ചൊല്ലുകൾ

*1-കഥയിൽ ചോദ്യമില്ല*

*2-ഉപ്പു തിന്നവൻ വെള്ളം കുടിക്കും*

*3-ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട*

*4-ആന കൊടുത്താലും ആശ കൊടുക്കരുത്*

*5-ഇക്കരെ നിൽക്കുമ്പോൾ അക്കരെ പച്ച*

*6-കുരയ്ക്കും പട്ടി കടിക്കില്ല*

*7-അങ്ങാടിയിൽ തോറ്റതിന്  അമ്മയോട്*

*8-വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും*

*9-മുറ്റത്തെ  മുല്ലക്ക് മണമില്ല*

*10-പണത്തിനു മീതെ പരുന്തും പറക്കില്ല*

*11-അടി തെറ്റിയാൽ ആനയും വീഴും*

*12-കുന്തം പോയാൽ കുടത്തിലും തപ്പണം*

*13-കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്*

*14-കരയുന്ന കുഞ്ഞിനെ പാലുള്ളൂ..........*

15-ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്

# വിലപിക്കുന്ന മലയാളം

അമ്മതന്  താരാട്ടിലുണരുന്ന മലയാളം
അമ്മിഞ്ഞപ്പാലില് കുതിര്ന്ന മലയാളം
ചോരിവാച്ചുണ്ടില് വിടരുന്ന മലയാളം
ജീവന്റെ ആദ്യ തുടിപ്പാണു മലയാളം
മലയാള നാടിന്റെ ശ്വാസനിശ്വാസമായ്
മലയാള മണ്ണില് പിറന്നതാം നമ്മള്
മുത്തശ്ശിക്കഥ കേട്ടുറങ്ങുന്ന പൈതലിന്
നാവില് കുറിയ്ക്കും ഹരിശ്രീ മലയാളം
പൂഴിയില് ചോരവിരിയിച്ച ഹൃദയത്തുടിപ്പിന്
ചുവപ്പാണു മലയാളം
അമ്മയില് നിന്നു തിണയുന്ന മലയാളം
അച്ഛനെ വാരിപ്പുണരുന്ന മലയാളം
സൗഹബന്ധത്തിനാഴവും-
ജീവന്റെ ഊര്ജ്ജ കാണികയും മലയാളം
മലയാള നാട്ടില് ജന്നിച്ചെന്ന് തെറ്റിന്
ഭാഗപത്രം പണയപ്പെട്ടുത്തേണ്ടവര്
മലയാളം വിദ്യാലയത്തിലാണെന്നതില്
അപരാധം പേറി നടത്തുന്നവർ
മലയാളപമാനമായി നിനയ്ക്കുമ്പോള്
മലയാളം കാലില് തറയ്ക്കുന്നവർ
നിങ്ങളിലൊത്തിരി നീതി തന് വെട്ടം
ഉയിർത്തെഴുന്നേക്കുന്നതും
കാത്തുക്കാത്തിരിക്കുന്നു
പാതികൊയ്യാതെ,കൊയ്യുക പൂർണമായ്
മലയാത്തെ മലയാളമാക്കതെ
മലയാളമായി മരിക്കാനനുവദിക്കു........
മലയാളമണ്ണിന്റെ നെഞ്ചില് ചവിട്ടി
ദർഭ വിരലാല് ഉദകം നടത്തീടും......

# A PRECIOUS MOTHER

Mother is the first word of a child. As for me my mother is the most precious gift of god for me. It is a very challenging task for me to describe her in words. For every child the mother is the most caring and loving person they have ever met in life. My mother also possesses all those qualities that a mother has. We have six members in our family. My grandma, father, mother, younger sister, elder sister and me. But my mother is the only member for whom we can call our house" a home".my mother is an early riser. she gets up at dawn and starts her schedule. she takes proper care of us and feeds us different delicious food. My mother knows all the likes and dislikes of each and every member in our family. she even remains alert and checks whether my grandma have had their medicines on time or not. my grandma call my mother" the manager of the family" as she can manage each and everything in the family.

I have grown up with the moral teachings of my mother. she guides me in every walk of my life. She understands my feelings and support me in my bad times and inspires me in my good moments. My mother teaches me to be a disciplined, punctual and trustworthy person. My mother is a tree for our family who provides shade to us. Though she has to manage lots of work she remains calm and cool all the time. She doesn't lose her temper and patience even in difficult situations. there is a special bond of love between my mother and me and I always pray to god to keep my mother fit and healthy for forever.

# ALL THE WAY TO ANDHRA

The breeze woke us up, we looked all around, we were there in our dream place, we forgot the fact that one day we was travelling, i was just like we started the journey, we were there in Andhrapradesh, we were waiting for this day forever, cause its our first seven day long tour, bright in morning we started our journey to Belum caves, it was amazing, a mesmerised cite, i wish i could see it again, through the stairs we reached down, it was a very large cave, when we got in, we couldn't hear any voice from outside, it was a peaceful atmosphere, until we get there, the walls were full of different pictures, scripts and many more, we discovered a fact that the walls of caves were having a water extract, just like someone pour water on the walls then we found out that, its believed that a large river flowed through the cave, its the proof for its water flow, after a lot of chitchat and discovering new facts, we left cave with its peaceful atmosphere, opened doors of next mesmerizing place which awaits us, then we went to a rock gallery it was a place with acres full of different kinds of huge and a breathtaking site, it was discover by many archeologist long ago, we went there, we run over there and climbed each and every rock, it was amazing, last but not least we went to gooty fort, the most challenging one, it was a big fort, which the fort was on the very top of hill, we have to climb all the way up, many came to see it, but only some were able to conquer it, many of our teachers left, but we were desired to succeed, we go, each and every steps, were breathtaking, but we continued and at last reached the top, it.

# പുതുവർഷം

കുഞ്ഞു മണിപൂവേ
പുതു പുലരി കണ്ടോ
ഇമകൾ ചിമ്മി ചിമ്മി
ചാഞ്ഞും ചരിഞ്ഞും
കരയല്ലെ വാവേ
ഇതാണെന്നും ഇതിനിന്റെലോകം

തഴുകിടാൻ തെന്നലാൾ
നിഴലായി അമ്മയുണ്ട്
താരാട്ടാൻ താമരതൊട്ടിൽ
ഇനിയും നീ കരയല്ലെ വാവേ

ഇതാണെന്നും നിന്റെയും ലോകം

CARTOON

# " STARE IN MIDDLE "




STOP GLOBAL WARMING

SAVE ENVIRONMENT



# "ONE LITTLE DROP"

MES HSS MAMPAD

LITTLE KITE 2K19-2K20

# പിന്നണിയിൽ.......



little KITEs